## (80.) തണ്ണിത്തോട് സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

പത്തനംതിട്ട ജില്ലയുടെ കിഴക്കേ അതിർത്തിയിൽ, വനത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന പ്രകൃതിരമണീയമായ ഒരു മലയോര ഗ്രാമമാണ് തണ്ണിത്തോട്. കോന്നിയിൽ നിന്നും വടക്ക് കിഴക്കോട്ട് 15 കി.മീ. സഞ്ചരിച്ചാൽ അച്ചൻകോവിലാറും കല്ലാറും കടന്ന് ഈ കുടിയേറ്റ ഗ്രാമിലെത്താം.

1947-48 കാലയളവിലാണ് തണ്ണിത്തോട് മേഖലയിൽ കുടിയേറ്റം ആരംഭിക്കുന്നത്. രണ്ടാം ലോകമഹായുദ്ധത്തെുടർന്ന് രാജ്യത്തുണ്ടായ കടുത്ത ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി അന്നത്തെ ഭരണാധികാരികൾ വനഭൂമി കൃഷിക്കായി പാട്ടത്തിന് വിട്ടുകൊടുക്കുകയുണ്ടായി. തത്ഫലമായി വിവിധ പ്രദേശങ്ങളിൽ നിന്നും ജനങ്ങൾ ഇവിടേക്ക് കുടിയേറി. അവർ പ്രകൃതി ശക്തികളോടും വന്യജീവികളോടും പകർച്ചവ്യാധികളോടും പൊരുതി, കഠിനാദ്ധ്വാനം ചെയ്ത് വനഭൂമി പൊന്നുവിളയുന്ന കൃഷിഭൂമിയാക്കി മാറ്റി. നാനാജാതി മതസ്ഥരായിരുന്ന കുടിയേറ്റക്കാർ ഏകോദര സഹോദരങ്ങളെപ്പോലെ സ്നേഹത്തോടും ഐക്യത്തോടുമാണ് കഴിഞ്ഞിരുന്നത്. കാലക്രമേണ കൂടുതൽ ആളുകൾ ഈ പ്രദേശത്തേക്ക് കുടിയേറുകയും കൃഷിഭൂമി കൈവശമായിത്തീരുകയും ചെയ്തു. അങ്ങനെ ഒരു ജനതയുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളുടെ ഫലമായി ഇന്നു നാം കാണുന്ന, പുരോഗതിയിലേക്ക് കുതിക്കുന്ന, തണ്ണിത്തോട് രൂപപ്പെട്ടു.

എന്നാൽ നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ തണ്ണിത്തോട്ടിലും സമീപപ്രദേശങ്ങളിലും ജനവാസമുണ്ടായിരുന്നു. ഈ മേഖലകളിൽ കാണപ്പെടുന്ന പുരാതന ആരാധനാലയങ്ങളും അവശിഷ്ടങ്ങളും ക്ഷേത്രക്കുളങ്ങളും കല്ലറകളും വലിയ മൺപാത്രങ്ങളും കിടങ്ങുകളും കയ്യാലകളും ഇവിടെ മുമ്പ് മനുഷ്യവാസം ഉണ്ടായിരുന്നതിന്റേയും സാമാന്യമായൊരു സംസ്കാരം നിലനിന്നിരുന്നതിന്റേയും ചരിത്ര രേഖകളാണ്. പറക്കുളം, ആലുവാംകുടി, തലമാനം എന്നിവിടങ്ങളിലെ ക്ഷേത്രങ്ങൾ, വിശുദ്ധ തോമാശ്ലീഹായാൽ സ്ഥാപിതമായ നിലയ്ക്കൽ പള്ളിയുടെ സാമീപ്യം തുടങ്ങിയവയെല്ലാം ഈ ചരിത്രസത്യത്തിന് സാക്ഷ്യം വഹിക്കുന്നു. ചുരുക്കത്തിൽ തണ്ണിത്തോടും സമീപ പ്രദേശങ്ങളും പുരാതനസംസ്ക്കാരത്തിന്റെ ഒരു കേന്ദ്രമായിരുന്നുവെന്ന് ഉറപ്പിച്ചു പറയുവാൻ കഴിയും. ഈ സംസ്ക്കാര ഭൂമിയിലേക്കാണ് കുടിയേറ്റം നടന്നതും ഇന്നത്തെ തണ്ണിത്തോട് രൂപപ്പെട്ടതും.

### ഇടവക രൂപീകരണം

മറ്റു ജീവിത സൗകര്യങ്ങൾ ക്രമീകരിക്കുന്നതോടൊപ്പം കുടിയേറ്റ നിവാസികൾ തങ്ങളുടെ സ്രഷ്ടാവിനെ ആരാധിക്കുന്നതിനുള്ള ആസ്ഥാനങ്ങൾ കണ്ടെത്തുന്നതിനും അവ നിർമ്മിക്കുന്നതിനും മറന്നില്ല. 1950-കളുടെ പ്രാരംഭത്തിൽന്നെ ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് പ്രാരംഭപ്രവർത്തനങ്ങൾ നടത്തുന്നതിനും ജാതിമത ഭേദമെന്യേ പരസ്പരം സഹായിച്ചും സഹകരിച്ചും ഇവർ മാതൃക കാട്ടിയിരുന്നു.

കത്തോലിക്കാ സഭാവിശ്വാസികൾ സമീപപ്രദേശത്തുള്ള വകയാർ, കാർമ്മല, പെരുന്നാട് തുടങ്ങിയ മലങ്കര കത്തോലിക്കാ ദൈവാലയങ്ങളിലെ വികാരിമാരുടെ നേതൃത്വവും ആത്മീയ ശുശ്രൂഷാബന്ധവും ഇക്കാലയളവിൽ സ്വീകരിച്ചുപോന്നിരുന്നു. തണ്ണിത്തോട്ടിലെ കത്തോലിക്കാ വിശ്വാസികൾക്ക് ആത്മീയ ശുശ്രൂഷാ നേതൃത്വം ആദ്യമായി ലഭിച്ചത് അന്ന് കാർമ്മല ഇടവകയിൽ വികാരിയായിരുന്ന യശഃശരീരനായ വന്ദ്യ ദിവ്യ ശ്രീ. ഗീവർഗ്ഗീസ് കുറ്റിയിൽ (കറ്റാനം) അച്ചനിൽനിന്നായിരുന്നു. ജനങ്ങളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിന് കാർമ്മലയിൽ നിന്ന് കാനനപാതയിലൂടെ നടന്നുവരികയല്ലാതെ മറ്റു മാർഗ്ഗമില്ലായിരുന്നു. വൈദിക നേതൃത്വത്തിനും കൂട്ടായ ആരാധനയ്ക്കും ക്രൈസ്തവോചിതമായ ശവസംസ്ക്കാരിനും മറ്റും 15 കിലോമീറ്റർ അകലെയുള്ള കാർമ്മല സെന്റ് ആന്റണീസ് ദൈവാലയത്തെ ആശ്രയിക്കേണ്ട സ്ഥിതിയായപ്പോൾ ഇവിടുത്തെ ആദ്യകാല കുടിയേറ്റക്കാരായ കത്തോലിക്കാ വിശ്വാസികൾ തിരുവനന്തപുരം അതിരൂപതയുടെ അന്നത്തെ മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് സമക്ഷം പ്രശ്നങ്ങൾ അവതരിപ്പിച്ചു. തണ്ണിത്തോട്ടിൽ മലങ്കര കത്തോലിക്കാ ഇടവകയുടെ സ്ഥാപനത്തിനായി നടപടികൾ സ്വീകരിക്കുവാൻ അഭിവന്ദ്യ

പിതാവ് ഗീവർഗ്ഗീസ് കുറ്റിയിലച്ചനെ ചുമതലപ്പെടുത്തി.

ഒരു താൽക്കാലിക ചാപ്പൽ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്ന പ്രശ്നം ഉദിച്ചപ്പോൾ, ദൈവനിയോഗത്താലാണെന്നു പറയാം ശ്രീ. പുത്തൻപുരയ്ക്കൽ തോമ്മാച്ചൻ, ഇപ്പോൾ പള്ളിമേടയിരിക്കുന്ന സ്ഥലത്ത് ചാപ്പൽ ഉണ്ടാക്കുവാൻ അനുവാദം നൽകി. ജനങ്ങൾ ആവേശപൂർവ്വം പ്രസ്തുത സ്ഥലത്ത് ഒരു ചാപ്പൽ നിർമ്മിച്ചു. അങ്ങനെ ഒക്ടോബർ മാസം ഇരുപതാം തീയതി മെത്രാപ്പോലീത്തായുടെ അനുഗ്രഹാശിസ്സുകളോടെ ഏതാനും കുടുംബങ്ങൾ അടങ്ങുന്ന ഒരു കൂട്ടായ്മ (ഇടവക), വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിതമായി. അന്നേ ദിവസം തന്നെ ഗീവർഗ്ഗീസ് കുറ്റിയിൽ അച്ചൻ ചാപ്പലിലെ പ്രഥമ ദിവ്യബലി അർപ്പണം നടത്തുകയും ചെയ്തു. ആദ്യകാല കൂട്ടായ്മയിൽ പരേതരായ ശ്രീമാന്മാർ എഴിയത്ത് വർക്കി യോഹന്നാൻ, പുതുപ്പറമ്പിൽ ഇസഹാക്ക്, കോഴികുന്നത്ത് ഗീവർഗ്ഗീസ്, കുറിയാട്ട് ഏബ്രഹാം, ഇലവനാമുക്കട വർക്കി യോഹന്നാൻ, പാറയ്ക്കാട്ട് തോമസ്, കോയിക്കൽ ജോർജ്ജ് തുടങ്ങിയ വ്യക്തികളും അവരുടെ കുടുംബാംഗങ്ങളും ആണ ഉണ്ടായിരുന്നത്. ഇടവകയുടെ സ്ഥാപനത്തിനും തുടർന്നുള്ള വളർച്ചയ്ക്കും വേണ്ടിയുള്ള അവരുടെ പരിത്യാഗപ്രവർത്തനങ്ങൾ നിസ്തുലങ്ങളും അവിസ്മരണീയവുമത്രെ.

ഇടവകയുടെ പ്രാരംഭ പ്രവർത്തനഘട്ടങ്ങളിൽ ആരാധനയ്ക്ക് നേതൃത്വം നൽകുന്നതിനോ ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും ദിവ്യബലി അർപ്പിക്കുന്നതിനോ വൈദികർ ഇല്ലാ അവസ്ഥയുണ്ടായിരുന്നു. സഭയിലെ ഏതെങ്കിലും വൈദികർ കാർമ്മലയിൽ നിന്നോ പെരുന്നാട്ടിൽ നിന്ന് സാമുവൽ തെങ്ങുവിളയച്ചനോ വന്നാൽ ആ ദിവസം ജനങ്ങൾ പരസ്പരം അറിയിക്കുന്ന മുറയ്ക്ക് വൈദിക നേതൃത്വത്തിൽ ചാപ്പലിൽ ആരാധനയിൽ സംബന്ധിച്ച് സായൂജ്യമടയുമായിരുന്നു. ആയിടയ്ക്കാണ് ശ്രീ. കുറിയാട്ട് ഏബ്രഹാമിന്റെ ഭാര്യ ശ്രീമതി അന്നമ്മ മരണമടഞ്ഞത്. മൃതദേഹം എവിടെ സംസ്ക്കരിക്കണമെന്ന പ്രശ്നമുദിച്ചു. മുളകൊണ്ട് നിർമ്മിച്ച അതള ശവപ്പെട്ടിയിൽ മൃതദേഹവുമായി 15 കിലേമീറ്റർ നടന്ന് കാർമ്മല പള്ളിയിൽ കൊണ്ടു പോകുന്നതിനേക്കുറിച്ച് ചിന്തിച്ചു ഭാരപ്പെട്ടു. ഒടുവിലെടുത്ത തീരുമാനമനുസരിച്ച് ചാപ്പലിനുള്ളിൽതന്നെ കുഴിയെടുത്ത് ഗീവർഗീസ് കുറ്റിയിൽ അച്ചന്റെ കാർമ്മികത്വത്തിൽ സംസ്ക്കാരം നടത്തി.

ഇടവകയ്ക്കായി പള്ളിപണിയുന്നതിന് പിന്നേയും കൂട്ടായശ്രമം നടത്തുന്നതിനിടയിൽ ശ്രീ. പുത്തൻ പുരയ്ക്കൽ തോമ്മാച്ചൻ ഇപ്പോഴത്തെ പള്ളിയും സ്കൂളും നിൽക്കുന്ന സ്ഥലം വിലയ്ക്ക് നൽകാമെന്ന് സ്വമനസ്സാ സമ്മതിച്ചു. അപ്പോഴേക്കും 25-ൽ പരം കുടുംബങ്ങളുടെ ലഘു സമ്പാദ്യവിഹിതവും അരമനയിലെ കലവറയില്ലാത്ത സഹായവും ഒത്തുചേർന്ന് ഭൂമിയുടെ വില തരപ്പെട്ടു. വസ്തു വിലയ്ക്ക് വാങ്ങി.

**പള്ളിയുടെ നിർമ്മാണം**

പള്ളിക്കുള്ള സ്ഥലം അൻപതുകളുടെ അവസാനത്തോടെ സ്വായത്തമാക്കിയെങ്കിലും പള്ളിയുടെ പണി ആരംഭിക്കുവാനും പൂർത്തിയാക്കുവാനും ഒരു ദശാബ്ദിലധികം കാത്തിരിക്കേണ്ടിവന്നു. മെത്രാപ്പോലീത്തായുടെ അനുവാദത്തോടെ പള്ളിക്കായുള്ള മുറ്റം നിരത്തൽ ഇടവകജനങ്ങൾ ആവേശപൂർവ്വം, 1961-ന് മുമ്പ്, പൂർത്തിയാക്കി. മാക്കീൽ അച്ചന്റേയും ജോഷ്വാ തെക്കേച്ചരുവിൽ അച്ചന്റേയും നേതൃത്വത്തിൽ പള്ളിപണി (മദ്ബഹാ ഒഴികെയുള്ള ഭാഗങ്ങൾ) പൂർത്തിയാക്കി. പക്ഷെ, 1971 ഫെബ്രുവരിയിൽ ഇന്നത്തെ വികാരി ജനറൽ റൈറ്റ് റവ. ഗീവർഗ്ഗീസ് മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പ ഈ ഇടവകയുടെ വികാരിയായിരുന്നപ്പോഴാണ് അഭിവന്ദ്യ പിതാവ് കൂദാശ ചെയ്തത്. പിന്നീട് പള്ളിയുടെ മണിമാളികയുടെ നിർമ്മാണം ഫാ. തോമസ് മരുതുരിന്റെ കാലത്തും മദ്ബഹായുടേയും ബാക്കിയുള്ള മുഖവാരത്തിന്റേയും നിർമ്മാണം ഫാ. അഗസ്റ്റിൻ പുലിമുറ്റിന്റെ കാലും ഇടവക ജനങ്ങളുടെ സഹകരണത്തോടെ നടത്തപ്പെട്ടു. വൈദികർക്ക് താമസിക്കുന്നതിനായുള്ള കെട്ടിടം ഗീവർഗ്ഗീസ് മണ്ണിക്കരോട്ട് അച്ചന്റെ ശ്രമഫലമായി 1971-ൽ അരമനയിൽ നിന്നും നിർമ്മിച്ചിട്ടുള്ളതാണ്. പള്ളിയ്ക്കകത്തെ സ്ഥലപരിമിധി പരിഹരിക്കുന്നതിനായി പള്ളിയുടെ വലത് വശത്ത് ഒരു സൈഡ് ഹാൾ നിർമ്മിച്ചു. സൈഡ് ഹാളിൽ നിൽക്കുന്നവർക്ക് വിശുദ്ധ കുർബാന കാണുവാനായി വലിയോരു ടിവിയും

സ്ഥാപിച്ചു.

**ഇടവകയുടെ സ്കൂളുകൾ**

സെന്റ് ബനഡിക്ട് ഹൈസ്ക്കൂൾ - 1950-കളുടെ മദ്ധ്യത്തോടുകൂടി കുടിയേറ്റക്കാരുടെ എണ്ണം വർദ്ധിച്ചു. സ്വഭാവികമായി സാമൂഹ്യ വികസനമേഖലകളിലേക്ക് ജനങ്ങളുടെ ശ്രദ്ധതിരിഞ്ഞു. ജനങ്ങൾ ഐക്യത്തോടെ പരിശ്രമിച്ച് കാട്ടിലൂടെ നടപ്പാതകളും റോഡുകളും നിർമ്മിച്ചു. അപ്പോഴാണ് തങ്ങളുടെ പിഞ്ചോമനകളുടെ വിദ്യാഭ്യാസം വഴിമുട്ടിയ പ്രതിസന്ധിയെ അവർക്ക് അഭിമുഖീകരിക്കേണ്ടി വന്നത്. തണ്ണിത്തോട് പഞ്ചായത്ത് ഗവ: വെൽഫെയർ ലോവർ പ്രൈമറി സ്കൂളിൽ നിന്ന് നാലാം തരം പാസ്സായവരുടേയും നാട്ടിൽ നിന്ന് പിന്നീടുവന്ന കുടിയേറ്റക്കാരുടെ മക്കളുടേയും തുടർന്നുള്ള പഠനം മുടങ്ങി. വനമദ്ധ്യത്തിലൂടെ തങ്ങളുടെ കുട്ടികളെ 16 കി.മീ. അകലെയുള്ള കോന്നിയിൽ അയയ്ക്കാൻ ബുദ്ധിമുട്ടായി. ഗവ. അംഗീകാരം പ്രതീക്ഷിച്ച് രണ്ട് വർഷക്കാലം ഈ ഇടവകയുടെ ആഭിമുഖ്യത്തിൽ മിഡിൽ സ്കൂൾ പഠനം തുടർന്നെങ്കിലും അത് ഫലിച്ചില്ല. ജനങ്ങൾ ഒറ്റക്കെട്ടായി അതിനുള്ള മാർഗ്ഗം കണ്ടുപിടിച്ചു. അന്നത്തെ വികാരിയായിരുന്ന ലൂക്ക് മാക്കീൽ അച്ചൻ മുഖേന ആർച്ച് ബിഷപ്പ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയെ സമീപിച്ചു. ക്രാന്തദർശിയായ അഭിവന്ദ്യ പിതാവ് ജനങ്ങളുടെ ആവശ്യം കണ്ടറിഞ്ഞ് 1960 ജൂണിൽ സെന്റ് ബനഡിക്ട് യു.പി. സ്കൂളിന് അംഗീകാരം വാങ്ങി പ്രവർത്തനം ആരംഭിച്ചു. 1964-ൽ ഇതൊരു ഹൈസ്കൂളായി ഉയർത്തപ്പെട്ടു. സ്കൂളിന്റെ ആരംഭകാലത്ത് 12 കിലോമീറ്ററിലധികം നടന്ന് തൂമ്പാക്കുളം, തേക്കുതോട്, ഏഴാന്തല, മണ്ണീറ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെല്ലാം കുട്ടികളെത്തി വിദ്യാഭ്യാസം നടത്തിയിരുന്നു. നാടിന്റെ കെടാവിളക്കായി, ഭാവി തലമുറയുടെ വാഗ്ദാനമായി നല്ല പ്രകടനം കാഴ്ചവെച്ചു കൊണ്ട് ഈ സ്ഥാപനം നിലകൊള്ളുന്നു.

സെന്റ് ജോർജ്ജ് പബ്ലിക് സ്കൂൾ - ഈ പ്രദേശത്ത് കാര്യക്ഷമതയും ഗുണമേന്മയും ഉള്ള പ്രൈമറി വിദ്യാഭ്യാസിന് ലക്ഷ്യമിട്ടുകൊണ്ട് ഇടവകയുടെ ആഭിമുഖ്യത്തിൽ അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചന്റെ സേവന കാലത്ത് 1998 ലോവർ സ്കൂൾ ആരംഭിച്ചത്. ഈ സ്കൂൾ അന്നു മുതൽ തന്നെ വൈദികരുടേയും സിസ്റ്റേഴസിന്റേയും മറ്റദ്ധ്യാപകരുടേയും നേതൃത്വത്തിൽ നല്ല നിലവാരം പുലർത്തിവരുന്നു. 2003-04 മുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ ആരംഭിക്കുകയുണ്ടായി. 1 മുതൽ 4 വരെ ക്ലാസുകളിലായി നൂറോളം കുട്ടികൾ പഠിച്ചു കൊണ്ടിരിക്കുന്നു. പ്രദേശത്തെ ആദ്യത്തെ ഇംഗ്ലീഷ് മീഡിയം സ്കൂളാണിത്.

**ഇടവകയും സാമുഹ്യ വികസന പ്രവർനങ്ങളും**

തണ്ണിത്തോട് കുടിയേറ്റ മേഖലയുടെ വികസനിന് മലങ്കര കത്തോലിക്കാ സഭയും ഇടവക ജനങ്ങളും ഇടവകയ്ക്ക് നേതൃത്വം നൽകിയ പല വൈദികരും അവരുടേതായ പങ്കുവഹിച്ചിട്ടുണ്ട് അടുത്ത കാലുവരെ മറ്റു ജനങ്ങളോടൊപ്പം പ്രദേശത്തിന്റെ എല്ലാ വികസനപ്രവർത്തനങ്ങളിലും കത്തോലിക്കാ, ഓർത്തഡോക്സ്, മാർത്തോമ്മാ സഭകളുടെ വൈദീകരും ഒത്തചേർന്ന് നേതൃത്വം ഏറ്റെടുത്ത് ഭംഗിയായി പ്രവർത്തിച്ചിട്ടുള്ള ചരിത്രം തണ്ണിത്തോടിനുണ്ട്. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത ഈ പ്രദേശത്തിന്റെ വികസനത്തിന് ഉപദേഷ്ടാവും വഴികാട്ടിയുമായിരുന്നു. ആദ്യകാല ഗതാഗത വികസനത്തിനായി റോഡ്, മുണ്ടോംമുഴി ചപ്പാത്ത്, കാവിൽ ജംഗ്ഷൻ പാലം ഇവയുടെ നിർമ്മാണിന് അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശാനുസരണം ലൂക്ക് മാക്കീൽ അച്ചൻ നേതൃത്വം നൽകിയിട്ടുണ്ട്. അഭിവന്ദ്യ പിതാവ് പല ദിവസങ്ങളിലും തിരക്കേറിയ ജീവിതത്തിനിടയിൽ തണ്ണിത്തോട്ടിൽ താമസിച്ച് പ്രദേശത്തിന്റെ വികസനത്തെപ്പെറ്റി പ്രാദേശിക നേതാക്കന്മാരുമായി ചർച്ച നടത്തി, പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. തണ്ണിത്തോട്ടിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ ഇടവക പ്രതിനിധികളും പ്രാദേശിക നേതാക്കന്മാരും കൂടിയാലോചിച്ച് ഒരു സഹകരണസംഘം രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. തൊട്ടടുത്ത ദിവസം മുതൽ തന്നെ പ്രാദേശിക നേതാക്കന്മാരുടെ നേതൃത്വത്തിൽ നാട്ടിലുടനീളം നടന്ന് ഷെയർ പിരിച്ചെടുത്ത് തണ്ണിത്തോട് സർവ്വീസ് സഹകരണ സംഘം സ്ഥാപിക്കുകയുണ്ടായി. ലൂക്ക് മാക്കീൽ അച്ചനെ കൂടാതെ ഇവിടെ സേവനം അനുഷ്ഠിച്ചിട്ടുള്ള എല്ലാ

വൈദികരുടേയും പ്രവർത്തനങ്ങൾക്ക് ഈ നാടും ജനതയും കടപ്പെട്ടിരിക്കുന്നു. 2005 കാലഘട്ടം മുതൽ തണ്ണിത്തോട് ഇടവകയും മറ്റ് സമീപ ഇടവകകളായ തേക്കുതോട്, കരിമാൻതോട്, മണ്ണീറ, എലിമുള്ളുംപ്ലാക്കൽ എന്നിവയുടെ ആഭിമുഖ്യത്തിൽ മലയോര കൺവൻഷൻ നടത്തിവരുന്നു.

ഇടവകയുടെ ആരംഭകാലത്ത് സാമുവൽ തെങ്ങുവിള അച്ചൻ, ചിറ്റാർ വികാരിയായിരുന്ന സമയങ്ങളിൽ പലപ്പോഴും ഈ ഇടവക സന്ദർശിക്കുകയും ആരാധനയും ആത്മീയ ശുശ്രൂഷയും നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ ഈ ഇടവകയിലെ വൈദികരുടെ അസാന്നിദ്ധ്യത്തിൽ വർഗ്ഗീസ് ചീനിവിളയിൽ അച്ചൻ ഈ ഇടവകയിൽ ആത്മീയ ശുശ്രൂഷകൾ പലപ്പോഴും നടത്തികൊണ്ടിരിക്കുന്നു. ഈ വൈദികരുടെ സേവനത്തിന് ഇടവകയ്ക്ക് കടപ്പാടുണ്ട്. ഇടവകയുടെ നേതൃത്തനിരയിൽ എത്തിയ റെന്നി രാജ് തേവർതോട്ടത്തിൽ, സുബിൻ തോമസ് കരിക്കണ്ടത്തിൽ, സാലു പതാലിൽ എന്നിവരോടും ഇടവയ്ക്ക് കടപ്പാടുണ്ട്.

**ഇടവക തിരുന്നാൾ**

ഇടവകയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ തിരുന്നാൾ എല്ലാ വർഷവും ഏപ്രിൽ /മെയ് മാസത്തിൽ നടത്തിവരുന്നു.

**ഇടവകയുടെ സുവർണ്ണ ജൂബിലി**

ഇടവകയുടെ സുവർണ്ണ ജൂബിലി 2004-2005 വർഷത്തിൽ നടത്തി. ജൂബിലിയോടെനുന്ധിച്ച് ഒരു സുവനീയർ പ്രസിദ്ധീകരിച്ചു.

**ഡി.എം. കോൺവെന്റ്**

1980-ൽ മേരീമക്കൾ സന്യാസിനി സമൂഹത്തിന്റെ ഒരു മഠം ഇടവകാതിർത്തിയിൽ സ്ഥാപിക്കപ്പെട്ടു. സിസ്റ്റേഴ്സിന്റെ സേവനം ഈ ഇടവകയ്ക്കും പ്രദേശത്തിനും അത്യധികം വിലപ്പെട്ടതാണ്. എല്ലാ വിധത്തിലുമുള്ള നിർലോഭമായ സഹായ സഹകരണങ്ങൾ കഴിഞ്ഞ 40വർഷക്കാലമായി ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും ലഭിച്ചു വരുന്നു. പ്രേഷിത പ്രവർത്തനങ്ങൾക്കും ആത്മീയ ശുശ്രൂഷകൾക്കും നേതൃത്വം വഹിക്കുന്നതോടൊപ്പം വിദ്യാഭ്യാസം, സാമൂഹ്യസേവനം, സാംസ്ക്കാരിക ഉന്നമനം എന്നീ തുറകളിലെല്ലാം തന്നെ ഇവരുടെ നിസ്തൂലമായ സേവനം സമൂഹത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നു.

**ഇടവകയുടെ കുരിശ്ശടികൾ**

1. പള്ളിഭാഗം സെന്റ് മേരീസ് കുരിശ്ശടി - കുര്യൻ വാലുപറമ്പിൽ അച്ചന്റെ കാലത്താണ് മനോഹരമായ പള്ളിഭാഗം സെന്റ് മേരീസ് കുരിശ്ശടി സ്ഥാപിച്ചത്.

2. മൂഴിഭാഗം സെന്റ് ജൂഡ് പ്രാർത്ഥനാലയം - കുര്യൻ വാലുപറമ്പിൽ അച്ചന്റെ സേവനകാലത്ത്, തണ്ണിത്തോട് മൂഴിക്കൽ പുത്തൻവീട് ശ്രീ. ഗീവർഗ്ഗീസ് പാപ്പി സൗജന്യമായി തന്ന സ്ഥലത്ത് പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ഒരു കുരിശ്ശടി സ്ഥാപിച്ചു. ആന്റോ കണ്ണംകുളം അച്ചന്റെ സേവനകാലയളവിൽ രണ്ടായിരാമാണ്ടിൽ അസാദ്ധ്യ കാര്യങ്ങളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൂദാതദ്ദേവൂസ് ശ്ലീഹായുടെ നാമത്തിൽ, കുരിശ്ശടിയോടു ചേർന്ന് ത്രോണോസ് കൂടി നിർമ്മിച്ച്, വിസ്തൃതി വർദ്ധിപ്പിച്ച് ഒരു പ്രാർത്ഥനാലയമായി പുതുക്കിപ്പണിതു. അതിന് ആവശ്യമായ സ്ഥലം ശ്രീ. ബാബു മൂഴിക്കൽ സൗജന്യമായി നൽകുകയുണ്ടായി. എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് ശേഷം ജപമാല, നൊവേന, ദിവ്യബലി എന്നിവ നടത്തിപ്പോരുന്നു. ജാതിമതഭേദമെന്യേ ധാരാളം ആളുകൾ ആരാധനയിൽ പങ്കെടുക്കുകയും ഉദ്ദിഷ്ട കാര്യസാദ്ധ്യങ്ങളും രോഗശാന്തിയും ലഭിച്ച് അനുഗ്രഹം പ്രാപിക്കുകയും ചെയ്തു വരുന്നു.

3. സെന്റ് തോമസ് പ്രാർത്ഥനാലയം - അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചൻ വികാരിയായിരിക്കേ തണ്ണിത്തോട് മാർക്കറ്റിന് സമീപം വിലയ്ക്കു വാങ്ങിയ സ്ഥലത്ത് ഇടവകയുടെ സുവർണ്ണ ജൂബിലി സ്മാരകമായി അന്നത്തെ

വികാരിയായിരുന്ന മാത്യു കാലായിൽ അച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനാലയം നിർമ്മിക്കുകയുണ്ടായി. 2005 മെയ് മാസത്തിൽ അഭി.ജോസഫ് മാർ തോമസ് തിരുമേനി ഈ പ്രാർത്ഥനാലയം കൂദാശ ചെയ്ത് പ്രതിഷ്ഠിക്കുക ഉണ്ടായി.

4. സെന്റ് മേരീസ് ഗ്രോട്ടോ - പള്ളിയോടുചേർന്ന് മുമ്പ് കുളം നിന്നിരുന്ന സ്ഥലത്ത് ഒരു ഗ്രോട്ടോ വർഗ്ഗീസ് കാലായിൽ അച്ചന്റെ കാലത്ത് നിർമ്മിച്ചു. ഗ്രോട്ടോ നിർമ്മിച്ച് നൽകിയത് ഇടവകയുടെ തന്നെ മകനായ മാത്യൂ പുത്തൻപുരയ്ക്കൽ അച്ചനാണ്.

**ഇടവകയിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള വൈദീകർ**

1. റവ. ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ
2. റവ. ഫാ. സെബാസ്റ്റ്യൻ നെടുങ്കല്ലേൽ
3. റവ. ഫാ. ലൂക്ക് മാക്കീൽ
4. റവ. ഫാ. സാമുവേൽ തെങ്ങുവിളയിൽ
5. റവ. ഫാ. ജോർജ്ജ് കുറ്റിയിൽ
6. റവ. ഫാ. ജോസഫ് പുത്തൻപുരയിൽ (സഹ വികാരി)
7. റവ. ഫാ. ജോഷ്വ തെക്കേച്ചരുവിൽ
8. റവ. ഫാ. ഗീവർഗ്ഗീസ് മണ്ണിക്കരോട്ട്
9. റവ. ഫാ. തോമസ് മരുതൂർ
10. റവ. ഫാ. കുര്യൻ വാലുപറമ്പിൽ
11. റവ. ഫാ. കെ. ജി. ജോൺ കുറിയിടരേിൽ
12. റവ. ഫാ. വർഗ്ഗീസ് ചീനിവിളയിൽ
13. റവ. ഫാ. അഗസ്റ്റിൻ പുലിമുറ്റത്ത്
14. റവ. ഫാ. ജോർജ്ജ് ചരുവിളയിൽ
15. റവ. ഫാ. മാത്യു ആന്റോ കണ്ണൻകുളം
16. റവ. ഫാ. ജോൺസൻ കരൂർ
17. റവ. ഫാ. റോബർട്ട് എണ്ണവിള
18. റവ. ഫാ. ജോൺസൻ പുതുവേലിൽ
19. റവ. ഫാ. മാത്യു കാലായിൽ
20. റവ. ഫാ. ജോസ് വെണ്മാലട്ട്
21. റവ. ഫാ. തോമസ് കയ്യാലയ്ക്കൽ
22. റവ. ഫാ. ഡാനിയേൽ പൂവണ്ണതിൽ (സഹ വികാരി)
23. റവ. ഫാ. ഗീവർഗീസ് ചരുവിളയിൽ

24. റവ. ഫാ. തോമസ് കൊച്ചുകരിക്കിൽ (സഹ വികാരി)

25. റവ. ഫാ. ഗോഡ്വിൻ കോട്ടേജ് ഗോഡ് ജോയി (സഹ വികാരി)

26. റവ. ഫാ. മാത്യു പുതുപറമ്പിൽ

27. റവ. ഫാ. റോബിൻ മനയ്ക്കലേത്ത് (സഹ വികാരി)

28. റവ. ഫാ. ജോൺ കുറ്റിയിൽ

29. റവ. ഫാ. ബഥേൽ ഡാനിയേൽ (സഹ വികാരി)

30. റവ. ഫാ. വർഗ്ഗീസ് കാലായിൽ വടക്കേതിൽ

31. റവ. ഫാ. തോമസ് ചിറയത്ത് (സഹ വികാരി)

32. റവ. ഫാ. സിബി ഒറ്റക്കലിൽ (സഹ വികാരി)

33. റവ. ഫാ. സ്കറിയ പതാലിൽ

34. റവ. ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ

**ഇടവകാംഗങ്ങളായ വൈദീകർ, ശെമ്മാശന്മാർ സന്യാസിനികൾ**

**വൈദീകർ**

1. റവ. ഫാ. ബാബു മൈക്കിൾ, നെടിയകാലാമണ്ണിൽ ഒ.ഐ.സി.

2. റവ. ഫാ. മാത്യൂ പുത്തൻപുരയ്ക്കൽ

3. റവ. ഫാ. ഗീവർഗ്ഗീസ് എഴിയത്ത്

4. റവ. ഫാ. തോമസ് കോയിക്കൽ

5. റവ. ഫാ. തോമസ് മേപ്പുറത്ത്

6. റവ. ഫാ. ഗീവർഗ്ഗീസ് പാലമൂട്ടിൽ

7. റവ. ഫാ. ഡാനിയേൽ കോയിക്കൽ

8. റവ. ഫാ. മാത്യു പ്രഫുൽ

**ശെമ്മാശന്മാർ**

1. ബ്ര. ജസ്റ്റിൻ വർഗ്ഗീസ് തോപ്പിന്റെ കിഴക്കേതിൽ

2. ബ്ര. ജിത്തു പേഴുംമൂട്ടിൽ

3. ബ്ര. റ്റിജിൻ, കൊച്ചുവീട്ടിൽ

4. ബ്ര. ജെസൺ കുഴിത്തൂപ്പിൽ

**സന്യാസിനികൾ**

1. സി. കൃപാദാസ് മുള്ളൂർപുത്തൻവീട് ഡി.എം.

2. സി. ക്ലാരറ്റ് തെക്കേതിൽ ഡി.എം.

3. പരേതയായ സി. റോസ് ഗ്രേസ് മേലൂട്ട് ഡി.എം.